# ഭിന്ന വീക്ഷണക്കാരെ ആകർഷിച്ച വാരിക

ഇ.ടി മുഹമ്മദ് ബഷീർ എം.പി



*പ്രബോധനം* വാരികയുടെ അറുപതാം വാർഷികാഘോഷത്തിൽ പങ്കെടുക്കുന്നത് വ്യക്തിപരമായി എനിക്ക് അഭിമാനമുള്ള വിഷയമാണ്. നിങ്ങളെപ്പോലെ ഞാനും *പ്രബോധന*ത്തോടൊപ്പം സഞ്ചരിച്ച വ്യക്തിയാണ്. നീണ്ട അറുപത് വർഷങ്ങൾക്കിടയിൽ 25-30 വർഷം ഞാനും *പ്രബോധന*ത്തോടൊപ്പം ഉണ്ടായിരുന്നു, വായനക്കാരനെന്ന നിലയിൽ. 1970-കളിലും '80കളിലും *പ്രബോധനം* മുടങ്ങാതെ വായിക്കാറുണ്ടായിരുന്നു. ടാബ്ലോയ്ഡ് രൂപത്തിൽ *പ്രബോധനം* പുറത്തിറങ്ങിയ കാലം മുതലേ അതിന്റെ വായനക്കാരനായിരുന്നിട്ടുണ്ട്. സ്ഥിരമായി ഓരോ ലക്കവും വായിക്കാൻ കഴിയാത്തപ്പോഴും *പ്രബോധനം* ശ്രദ്ധിക്കാറുണ്ട്.

എന്റെ ലൈബ്രറിയിൽ രണ്ട് വലിയ വാള്യങ്ങളായി *പ്രബോധനം* ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. രണ്ട് പ്രസിദ്ധീകരണങ്ങൾ മാത്രമേ ഞാൻ ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടുള്ളൂ. ഒന്ന് മുസ്‌ലിം വേൾഡ് ലീഗ് ജേർണലാണ്. മറ്റേത് *പ്രബോധന*വും. ഏതോ കാലത്ത് വെറുതെ ബൈൻഡ് ചെയ്ത് സൂക്ഷിച്ചതല്ല, ഇടക്കിടെ അത് റഫർ ചെയ്യാറുണ്ട്. അടുത്ത കാലത്തും റഫർ ചെയ്തിട്ടുണ്ട്. പല സെമിനാറുകളിലും പ്രസംഗിക്കേണ്ടിവരുമ്പോൾ *പ്രബോധനം* റഫർ ചെയ്യാറുണ്ട്. ഇസ്‌ലാമിനെ പ്രത്യയശാസ്ത്രമായി അവതരിപ്പിക്കാനും സാമ്രാജ്യത്വം, അധിനിവേശം, മുസ്‌ലിം ലോകചലനങ്ങൾ തുടങ്ങിയ വിഷയങ്ങൾ പഠിക്കുന്നതിനും *പ്രബോധനം* ഒരു റഫറൻസായി ഉപയോഗപ്പെട്ടിട്ടുണ്ട്.

ഞാൻ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തകനല്ല. വ്യത്യസ്തമായ കാഴ്ചപ്പാടുള്ള ഒരു രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആളാണ്. പക്ഷേ, മറ്റൊരു സംഘടനയിൽ പ്രവർത്തിക്കുന്ന ആൾക്കു പോലും വാങ്ങി വായിക്കാനും സൂക്ഷിക്കാനും പറ്റുന്ന ഒരു പ്രസിദ്ധീകരണമായി നിലനിൽക്കുന്നുവെന്നതാണ് *പ്രബോധന*ത്തിന്റെ പ്രത്യേകത. നമ്മളുമായി അഭിപ്രായ വ്യത്യാസമുള്ള, നമ്മുടേതല്ലാത്ത ഒരു സംഘടനയുടെ പത്രം വാങ്ങി വായിക്കുമ്പോൾ പല പ്രയാസങ്ങളും ഉണ്ടാകാറുണ്ട്. അങ്ങനെയൊരു പ്രയാസം *പ്രബോധന*ത്തിൽനിന്ന് അനുഭവിക്കേണ്ടിവന്നിട്ടില്ല. വിയോജിപ്പുകൾ ഉണ്ടായിട്ടുണ്ട്; പലർക്കും. ടി.പി കുട്ട്യാമു സാഹിബ് *ചന്ദ്രിക*യുടെ പത്രാധിപരായിരുന്ന സമയത്ത് ഒരു സംവാദം തന്നെ ഉണ്ടായിരുന്നു, *പ്രബോധന*വും *ചന്ദ്രിക*യുമായി. കുട്ട്യാമു സാഹിബും ഒ. അബ്ദുർറഹ്മാൻ സാഹിബും തമ്മിൽ മാന്യത നിലനിർത്തിക്കൊണ്ട്, പക്വതയോടെയുള്ള സംവാദമായിരുന്നു അത്.

നന്ദിപൂർവം ഞാനൊരു കാര്യം ഓർക്കുന്നു. നമ്മുടെ നാട്ടിൽ ധാരാളം പ്രസിദ്ധീകരണങ്ങൾ ഉണ്ട്. അവയൊക്കെ അവയുടേതായ ദൗത്യം നിർവഹിക്കുന്നുമുണ്ട്. പക്ഷേ, *പ്രബോധനം* വാരികക്ക് അതിന്റേതായ ഇടം മലയാള വായനക്കാർക്കിടയിലുണ്ട്. ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെട്ട വായനക്കാർക്ക് ഒരു കടപ്പാടുണ്ട്. ഇസ്‌ലാമിനെ ഒരു ജീവിത വ്യവസ്ഥയായി അവതരിപ്പിക്കുന്നതിൽ *പ്രബോധനം* നിർവഹിച്ച ധിഷണാപരമായ പങ്ക് വലുതാണ്. അതിന് തുല്യതയുണ്ടോ എന്ന് ചോദിച്ചാൽ, ഇന്ന് ഉണ്ടാകാം. പക്ഷേ, ഇസ്‌ലാമിക പ്രത്യയശാ

സ്ത്രത്തെ വളരെ മനോഹരമായി ലോകത്തിന് മുമ്പിൽ *പ്രബോധനം* അവതരിപ്പിച്ചു. അതൊരു ചെറിയ കാര്യമല്ല. അറുപത് വർഷമായി ആ ദൗത്യം തുടരുന്നുണ്ട്. ലോകത്തിന്റെ ഏതൊരു കോണിൽ ഒരു ഇസ്‌ലാമിക ചലനം ഉണ്ടാവുകയാണെങ്കിലും ഇസ്‌ലാമിക മൂവ്മെന്റ് പീഡിപ്പിക്കപ്പെടുകയാണെങ്കിലും അടിച്ചമർത്തപ്പെടുകയാണെങ്കിലും അത് ലോകത്തെ അറിയിക്കുന്ന കാര്യത്തിൽ വലിയ പങ്ക് *പ്രബോധനം* വഹിച്ചിട്ടുണ്ടെന്ന് ഞാൻ സന്തോഷപൂർവം ഓർക്കുകയാണ്. അധിനിവേശ ശക്തികളുടെ അപകടങ്ങളും സാമ്രാജ്യത്വത്തിന്റെ കൊടുംക്രൂരതകളും മനസ്സിലാക്കാൻ, ശരിക്കു പറഞ്ഞാൽ ഒരു ഹാൻഡ്ബുക്ക് എന്ന നിലയിൽ *പ്രബോധനം* ഉപയോഗപ്പെട്ടിട്ടുണ്ട്.

ഒരു കാര്യം കൂടി ചൂണ്ടിക്കാണിക്കാതെ വയ്യ. ഇന്ന് നിരവധി പ്രസിദ്ധീകരണങ്ങൾ മുസ്‌ലിംകളുടേതായി ഇറങ്ങുന്നുണ്ട്. ഒരു പത്രത്തിലെ ഒരു പേജ് എത്ര വിലപ്പെട്ടതാണ്.പക്ഷേ, എത്ര മോശമായിട്ടാണ് അവയിലൂടെ പരസ്പരം ശകാരിക്കുന്നത്. വളരെയേറെ വേദനിപ്പിച്ച വിഷയമാണിത്. ഇതെല്ലാം പലരും വാങ്ങി വായിക്കുന്നുമുണ്ട്. പുറത്ത് വാങ്ങാൻ കിട്ടുന്നവയാണല്ലോ എല്ലാ പ്രസിദ്ധീകരണങ്ങളും. അങ്ങനെ വായിക്കുമ്പോൾ, ഇസ്‌ലാമിനെക്കുറിച്ച് തെറ്റായ ചിന്താഗതി വെച്ചുപുലർത്തുന്ന ആളുകൾക്ക് ആ തെറ്റിദ്ധാരണ കൂട്ടാൻ എന്തിനാണ് മുസ്‌ലിം പ്രസിദ്ധീകരണങ്ങൾ എന്ന് പലപ്പോഴും വേദനയോടു കൂടി ചിന്തിച്ചിട്ടുണ്ട്. ഖേദകരമായ സംഗതിയാണിത്. അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാം. അതെന്നും ഉണ്ടായിട്ടുണ്ട്. റസൂലിന്റെ കാലത്തും ഖുലഫാഉർറാശിദുകളുടെ കാലത്തുമൊക്കെ അഭിപ്രായ വ്യത്യാസങ്ങൾ പലതും ഉണ്ടായിരുന്നു. പക്ഷേ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരിക്കെതന്നെ ഇസ്‌ലാമിക തത്ത്വത്തിന്റെ പേരിൽ യോജിച്ച് നിൽക്കേണ്ട ആളുകൾ പരസ്പരം വിമർശിക്കുകയും അതിരൂക്ഷമായി ചീത്ത പറയുകയും വളരെ മോശമായ ഭാഷ ഉപയോഗിക്കുന്ന പ്രവണത വളർന്നുവരികയും ചെയ്യുന്നതിനെതിരെ നല്ല മനസ്സുള്ള എല്ലാവരും ചിന്തിക്കണം. പരസ്പരം ചെളിവാരി എറിയേണ്ട സമുദായമല്ല ഇത്. ഞാൻ സന്തോഷപൂർവം ഓർക്കുന്നു, അത്തരമൊരു ദുർവ്യയം അപകടകരമായ ഒരു സമീപനം, *പ്രബോധനം* വാരിക ചെയ്തിട്ടില്ല എന്ന് എനിക്ക് വിശ്വാസമുണ്ട്. ഒരു പ്രസിദ്ധീകരണം വായിച്ചുകഴിഞ്ഞാൽ മനസ്സിൽ ഒരുപാട് വിഷലിപ്തമായ ചിന്താഗതികൾ, വെറുപ്പ്, വിദ്വേഷം വിതക്കാൻ എന്തിനാണ് നമുക്ക് പ്രസിദ്ധീകരണങ്ങൾ? എല്ലാവരും ഗൗരവത്തോടെ ചിന്തിക്കുകയും ഒരു മിനിമം പരിപാടി ഉണ്ടാക്കുകയും ചെയ്യണം.

ഇസ്‌ലാമിനെതിരെ ലോകമാധ്യമങ്ങൾ വളരെ സജീവമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ഇലക്ട്രോണിക് മീഡിയയും പ്രിന്റ് മീഡിയയും കോടിക്കണക്കിന് ഡോളർ ചെലവഴിച്ച്, ഇസ്‌ലാം അപകടകരമായ ഒന്നാണെന്ന് വരുത്താൻ വേണ്ടി ആഗോളതലത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന ഗൂഢാലോചനകളുടെ നടുവിലാണ് നാം. ഈ ഘട്ടത്തിൽ ഞങ്ങളുടേത് മനോഹരമായ ഒരു പ്രത്യയശാസ്ത്രമാണെന്ന് ലോകത്തിന് മുമ്പിൽ അവതരിപ്പിക്കുന്നതിനു പകരം, സൗഹൃദത്തിന്റെയും സൗമനസ്യത്തിന്റെയും ഭാഷ പ്രയോഗിക്കുന്നതിനു പകരം ഇവൻ ശത്രുവാണ്, ഇവൻ കുഴപ്പക്കാരനാണ്, ഇവൻ ഭീകരനാണ് എന്നിത്യാദി പ്രചാരണങ്ങൾ. ഇവയെ പ്രതിരോധിക്കാൻ മുസ്‌ലിം പ്രസിദ്ധീകരണങ്ങൾ മുന്നോട്ടുവരേണ്ടതാണ്.

അറുപത് വർഷത്തെ പ്രവർത്തനപരിചയം മുമ്പിൽ വെച്ചുകൊണ്ട് കൂടുതൽ നന്നായി മുന്നോട്ടുപോകാൻ *പ്രബോധന*ത്തിന് സാധിക്കട്ടെ എന്ന് ഞാൻ പ്രാർഥിക്കുന്നു. ■